# പുനർജ്ജനി

## ഡിജിറ്റൽ മാസിക



### ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

ബുധനൂർ

ആലപ്പുഴ

ജി.എച്ച് .എസ്.എസ് ബുധനൂർ

# പുനർജ്ജനി


## ഡിജിറ്റൽ മാഗസിൻ
## 2018-19

## ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ
### ബുധനൂർ

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

കേരളസർക്കാർ

**സന്ദേശം**



സി .രവീന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

*ബുധനൂർ ഗവ: ഹയർ സെക്കന്ററി സ്കൂൾ 2018 -19 അധ്യയന വർഷത്തിൽ പുനർജ്ജനി എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. പാഠ്യ – പാഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർഥികളുടെയും അധ്യാപകരുടെയും കലാ- സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു .*

*ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു .*

സി .രവീന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

---

ഹെഡ് മാസ്റ്റർ
ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ
ബുധനൂർ
ghssbudhanoor@gmail.com

## ഞങ്ങളുടെ ആദരണീയനായ ഹെഡ് മാസ്റ്റർ  ശ്രീ ജയിംസ് പോൾ



ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

**മധുസൂദനൻ പിള്ള കെ.ജി**

ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

**രജനി.ആർ**





# <u>എഡിറ്റോറിയൽ</u>

*" ഒരു മഹാപ്രളയത്തെ അതിജീവിച്ചവർക്കറിയാം മനുഷ്യാഹംഭാവത്തിന്റെയും മനുഷ്യത്വത്തിന്റെയും ഇടയിലുള്ളതെന്തായിരുന്നെന്ന് ".* **പ്രളയാനന്തര കേരളത്തിനായ്, നവകേരള സൃഷ്ടിക്കായ് നമുക്കൊത്തൊരുമിച്ച് മുന്നേറാം ......**

**ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ സഹായിച്ച ബുധനൂർ ഗവ:ഹയർ സെക്കന്ററി സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്ന് ഞങ്ങൾക്ക് മാർഗ്ഗദർശികളായ മധുസൂദനൻ പിള്ള സാറിനും രജനി ടീച്ചർക്കും അകൈതവമായ നന്ദി !**



**ജൂഹി ജെയിംസ്**
**ചീഫ് എഡിറ്റർ**

**ജി.എച്ച് .എസ്.എസ് ബുധനൂർ**

# ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

Adarsh.S,Akhilraj, Akhil P.M, Joohi James, Annamma Joseph
Arathy.B, Ahalya.A, Amritha.S, Ananthu.O, Sruthila Mohan
Vipin Vinod, Athulya Babu, Sidhila Saseendran, Mekha K.M, Adarsh Krishna
Prapanch.J, Nidhin.C.Maheswaran, Naveen T.M, Melbina K.S, Arunima Omanakuttan

# ആനയും തയ്യൽക്കാരനും

പണ്ട് ഒരിടത്ത് ഒരു ആനയും ആനക്കാരനും ഉണ്ടായിരുന്നു. ആനക്കാരൻ ദിവസവും ആനയെ കുളിപ്പിക്കാൻ കൊണ്ടു പോകുമായിരുന്നു. കുളിപ്പിക്കാൻ കൊണ്ടുപ്പോകുന്ന വഴിയിൽ ഒരു തൈയ്യൽക്കാരനും കടയും ഉണ്ടായിരുന്നു. ആനയെ കുളിപ്പിക്കാൻ പോകുന്ന വഴിയില്ലായിരുന്നു തൈയ്യൽക്കാരന്റെ കട. കുളിപ്പിക്കാൻ കൊണ്ടു പോകുന്ന വഴിയിൽ കടയുടെ മുമ്പിൽ നിൽക്കുമ്പോൾ തൈയ്യൽക്കാരൻ ആനയ്യക്ക് പഴം തിന്നാൻ കൊടുക്കുന്ന പതിവുണ്ടായിരുന്നെങ്കിലും ഒരു ദിവസം ആനയെ കുളിപ്പിക്കാൻപോാകുന്ന വഴിയിൽ തൈയ്യൽക്കാരന്റെ കടയുടെ മുൻപിൽ ആന നിന്നു .തുമ്പി കൈ നീട്ടി അപ്പോൾ തൈയ്യൽക്കാരൻ കൈയ്യിലിരുന്ന സൂചികൊണ്ട്ഒരു ചെറിയ കുത്തു കൊടുത്തു.ആനയ്ക്ക് അതു വേദനിച്ചു എങ്കിലും ആന ഒന്നും ചെയ്യാതെ കുളിക്കുവാൻ പോയി.ആന കുളി കഴിഞ്ഞ് വരുമ്പോൾ തുമ്പി കൈ നിറയെ വെലള്ളവുമായി കടയുടെ മുൻപിൽ വന്നു നിന്നു .കടയിലേക്ക് പോകുമ്പോൾ തൈയ്യൽക്കാരന്റെ ദേഹത്തു വെള്ളം ചീറ്റി കടയും തൈയ്യൽക്കാരനും മുഴുവൻ നനഞ്ഞ് കുളിച്ചു.



**ജോഷ്വാ**
**Std 2**

# <u>കടങ്കഥ</u>

കാള കിടക്കും കയറോട്ടും

മത്തങ്ങ

കണ്ടാൽ കുരുടൻ കാശിന് മിടുക്കൻ

കുരുമുളക്

മുറ്റത്തെ ചെപ്പിന് അടപ്പില്ല

കിണർ

ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട്

കടുക്

അകത്തറുത്താൽ പുറത്തറിയും

ചക്ക

ആനേക്കാണാൻ വെളച്ചമുണ്ട് വെളച്ചം അണക്കാൻതിയില്ല

ടോർച്ച്

ആയിരം പുട്ടുപൊടിക്ക് അരമുറി തേങ്ങ

നക്ഷത്രം, ചന്ദ്രൻ



ഷെറി എലിസബത്ത് റെന്നി

**Std 6**

# കലാമണ്ഡലം

കേരളീയ കലകൾ സംരക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി മഹാകവി വള്ളത്തോൾ നാരായണ മേനോൻ സ്ഥാപിച്ചതാണ് കേരള കലാമണ്ഡലം. തൃശ്ശൂർ ജില്ലയിലെ ചെറുത്തുരുത്തി എന്ന ഗ്രാമത്തിൽ ഭാരതപ്പുഴയുടെ തീരത്താണ് ഇത് സ്ഥിതിചെയ്യുന്നത്. 1930 നവംബർ 9 നാണ് കലാമണ്ഡലം പ്രവർത്തനം തുടങ്ങിയത്. മണക്കുളം മുകുന്ദ രാജാവിന്റെ സഹായത്തോടെ മഹാകവി ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ കേരള സർക്കാറിന്റെ കീഴിലാണ്. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, ഓട്ടൻതുള്ളൽ,ചാക്യാർകൂത്ത്,പഞ്ചവാദ്യം തുടങ്ങിയ കലകൾ ഇവിടെ അഭ്യസിപ്പിക്കുന്നു. കേരള കലാമണ്ഡലം ഇപ്പോൾ കൽപ്പിത സർവകലാശാലയാണ്.



അരുണിമ ഓമനക്കുട്ടൻ
Std 9

# <u>കാട്ടിലെ മൃഗങ്ങൾ</u>

പണ്ട് പണ്ട് ഒരിടത്ത് കരടിയും കുരങ്ങനും ഉണ്ടായിരുന്നു. കരടിക്കുട്ടൻ പാവമായിരുന്നു. ആ കാട്ടിലെ മൃഗങ്ങൾക്ക് കുരങ്ങനെ ഭയങ്കരപേടിയായിരുന്നു. ഈ കരടി എല്ലാ മൃഗങ്ങളെയും സ്നേഹിച്ചിരുന്നു. കുരങ്ങൻ ചിന്തിച്ചു " ഈ കരടിയെ കെണിയിൽ വീഴ്ത്തണം. " പിറ്റേ ദിവസം കുരങ്ങൻ രാജാവിനോട് ചെന്ന് പറഞ്ഞു.

രാജാവേ നിങ്ങളെപ്പോലെ ഒരു രാജവ്

ഇവിടെയുണ്ട്. സിംഹരാജൻ ഗർജിച്ചു. എവിടെ ? എന്നാ നീ വാ നമ്മുക്ക് അവിടെ പോയി അവന്റെ കഥകഴിക്കാം.

അങ്ങനെ അവിടെ ചെന്നിട്ട് സിംഹരാജൻ എത്തി നോക്കി. കരടിയങ്ങനെ കിണറ്റിലേക്ക് ചാടി മരിച്ചു. കട്ടിലെ രാജാവ് ഉൾപ്പെടെ എല്ലാ മൃഗങ്ങൾക്ക് സങ്കടമായി.

**ജോഷ്വ**
**Std 2**

# കേരളം

*കോമളമാണി കേരളം*

*തുഞ്ചന്റെ നാടായ കേരളം*

*മലകളും പുഴകളും തേൻ*

*അരുവികളും ഉള്ളനാട്*

*തെങ്ങോലകൾ  നിറഞ്ഞ നാട്*

*വെട്ടിത്തിളങ്ങും നിളയുള്ള നാട്*

*കളരിപ്പയറ്റ് പിറന്ന നാട്*

*മലയാള മാധുര്യത്തിന്റെ നാട്*

*കേരളമെന്ന നാട്*



അമൃത എസ്

Std 9

## പൂക്കൾ

ചന്തമുള്ള പൂക്കൾ
എന്തു നല്ല പൂക്കൾ
നിറമുള്ള പൂക്കൾ
വണ്ടു വന്നു നോക്കി
കുയിൽ വന്ന് നോക്കി
ഹായ് നല്ല പൂക്കൾ
തേനൂറും പൂക്കൾ


## മഴ....മഴ

മഴപെയ്യുമ്പോൾ ഞാൻ കുട ചൂടി
കുടയുടെ താഴെ പലരും കൂടി,
കുഴിയിൽ, വഴിയിൽ വെള്ളം
കൂടി, പട പട കൂട്ടിനുക്കൂടി,
കട കട വലിയൊരു കാറ്റും
വീശി, കുടയോ കാറ്റിൻ
കൂടെപ്പോയി! മഴ വെള്ളത്തിൽ
തുള്ളിച്ചാടി നനഞ്ഞു ഞങ്ങൾ
പലവഴിയോടി!

അഭിരാമി എ .എം
Std 7



# ധീരനേതാവ്



ഒരു കാലം ഭാരതമണ്ണ് വാണ

ഒരുസംഘം വെള്ളത്തലവന്മാരെ

ഒരുമിച്ചുതോൽപ്പിക്കാൻ ഊർജ്ജമേകി


ഒരു നാടിൻ സ്വാതന്ത്ര്യം വീണ്ടെടുത്ത

ഒക്ടോബർ രണ്ടിനു ജാതനായ

ഒരു ധീരനേതാവാം ഗാന്ധിജിയെ

ഒന്നായിട്ടോർമ്മിക്കാം കൂട്ടുകാരെ

ഒരുമിച്ചു മുന്നേറാം കൂട്ടുകാരെ.



**ജ്യോതിക**
**5A**

# പ്രപഞ്ചത്തിന്റെ കർമ്മം

പ്രപഞ്ച മതിലുകൾ എന്റേതല്ലാ!

പ്രപഞ്ചമെന്നാൽ അനശ്വരമാണ്

കേവലം തന്റെ പ്രപഞ്ചത്തിനായി

താൻ തന്നെ പ്രയത്നിക്കും ദൈവമേ...

പ്രപഞ്ചമെന്നാൽ ദൈവികവാണ് അതിൽ

അനശ്വമായ നമ്മൾ തന്നെ പ്രപഞ്ചത്തിൽ

ഉടമ അല്ലല്ലോ

പ്രപഞ്ച കാര്യങ്ങൾ ചെയ്ത പ്രപഞ്ചമാണ്

ഈ ഭൂമിതൻ ഉടമ!

നാദമീ പ്രപഞ്ചമേ

തത്ത്വം മഹാപ്രപഞ്ചം.



**അതുൽ വിനോദ്**
**Std 6**

# പ്രളയം (കുറിപ്പ്)

നമസ്കാരം ! എന്റെ പേര് അതുൽ വിനോദ്.പ്രളയം അതിജീവിച്ച കുറയേറെ ആളുകൾ നമുക്ക് ചുറ്റുപാടും ഉണ്ട്.നമ്മളെ പ്രളയം കൊണ്ടു പോയപ്പോൾ പ്രളയത്തിന് തോന്നാമായിരുന്നു എന്തിനാണ് ഇവരെ ഞാൻ കൊണ്ടു പോകുന്നത്.കാരണം,നമ്മുടെ നാട്ടിൽ നടക്കുന്ന സമൂഹത്തിലെ അനീതികളെ നശിപ്പിക്കാനായി പ്രളയം എത്തിയത്.നമ്മുടെ വീടുകളും മറ്റു വസ്തുക്കളും നമ്മുക്ക് നഷ്ട്ടപ്പെട്ടു.പ്രളയത്തിൽ കുടിവെള്ളങ്ങൾക്ക് നമ്മൾ കെഞ്ചുകയായിരുന്നു.വെള്ളം കിട്ടിയാൽ ഇപ്പോൾ കളയുകയാണ്.ഈ ജലത്തിനു വേണ്ടി കെഞ്ചുന്ന ആളുകൾ കുറേയുണ്ട്.ഇവർക്ക് കൊടുത്താൽ പ്രളയം നമ്മുടെ അടുത്തേയ്ക്ക് വരില്ല.ഞങ്ങൾക്ക് സ്ക്രൂളിൽ നിന്ന് സാധനങ്ങൾ കിട്ടി.ശാന്തി ടീച്ചർ,ലേഖ ടീച്ചർ,മധു സാർ,അൻവർ സാർ,H M എന്നിവരോട് ഞാൻ നന്ദി പറയുന്നു.കേരളം നമ്മുടേത്.ഞങ്ങളെ പോലുള്ള പുതിയ തലമുറ ഇറങ്ങുന്നതാണ്.കേരളം വിജയ്ഭവ.....


അതുൽ വിനോദ്

**Std 6**

# മഴ



മഴമയിൽ
മഴവില്ലുണ്ടേ മാനത്ത്
മയിലുകളുണ്ടേ താഴത്ത്
മഴവില്ലിനോ ഏഴുനിറം
മയിലിൻ പീലി പലവർണ്ണം
മഴമുകിലോടി വരുന്നേരം
മയിലുകൾ പീലി വിടർത്തുന്നേ
മഴ പെയ്യുന്നേ മേളത്തിൽ
മയിലാടുന്നേ താളത്തിൽ

**മേഘ**

Std 9



# The Ox and The Lion

Once upon a time an Ox lived in a village. One day he lost his way and reached the jungle ,in front of a lion. The ox was seeing a lion for the first time he got terrified. “Please don't kill me,”the ox said. The lion laughed when he heard this “No,I won't kill you”the lion said. The ox became happy. “I feel amazed my mother used to say that lions kill and eat others. Now I    realize that it is true. So my mother lied to me is not it?” the ox asked. “No, your mother is right. But I am not at all hungry now that is why I am not killing you now. The ox didn't stay there. He ran away and escaped.

ഹരികൃഷ്ണൻ K.V
Std 5

## മഴക്കാറ്

ഉച്ചതിരിഞ്ഞൊരു നേരത്ത്

മാനത്തടിപൊളി മേളാങ്കം

കാറുകളൊത്തിരി പായുന്നു

വിളക്കു കത്തിച്ചോടുന്നു


ഏതു നേരത്താണീ കാറ്

കണ്ടോ നല്ല മഴക്കാറ്



അനന്തകൃഷ്ണ
Std 7

# തീവണ്ടി




ക്രൂകുംക്രൂകും തീവണ്ടി

ക്രൂകിപ്പായും തീവണ്ടി

കൽക്കരി തിന്നും തീവണ്ടി

വെള്ളം മോന്തും തീവണ്ടി

രാപകലോട്ടും തീവണ്ടി

തളർന്നു നിൽക്കും തീവണ്ടി

വെയിലത്തോട്ടും തീവണ്ടി

മഴയത്തോട്ടും തീവണ്ടി

വേഗം ഓട്ടും തീവണ്ടി

ഹാ ഹാ ഹാ ഹാ തീവണ്ടി

**വിഷ്ണ പ്രിയ**
**Std 4**

## <u>മൃഗങ്ങളുടെ ജയം</u>

ഒരിടത്ത് ഒരു കാട്ടിൽ കുറേ മൃഗങ്ങൾ ജീവിച്ചിരുന്നു.എന്നാൽ,അവർ തമ്മിൽ ആരോടും മിണ്ടില്ലായിരുന്നു.ആ കാട്ടിൽ ഒരു രാജാവുണ്ടായിരുന്നു.സിംഹരാജൻ.ഒരു ദിവസം ആ കാട്ടിൽ കുറേ വേട്ടക്കാർ വന്നു.അവർ വന്നിട്ട് കാട്ടിലെ രാജാവായ സിംഹരാജാവിനെക്കൊന്നു.ആ വിവരം കാട്ടിലുള്ളയെല്ലാവരും അറിഞ്ഞു.മൃഗങ്ങളെല്ലാം പേടിച്ചിരിക്കുകയായിരുന്നു.ആ നേരം മൃഗങ്ങളെല്ലാവരും ഒരു തീരുമാനം എടുത്തു.എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നായിരുന്നു അവർ തീരുമാനിച്ചത്.ആ സമയം വേട്ടക്കാർ അവരുടെ മുന്നിൽ വന്നു.മൃഗങ്ങളെല്ലാം വേട്ടക്കാരുടെ മുന്നിലേക്ക് ചാടി വീണു.



**ദുർഗ്ഗ**
**Std 5**

## മാളം മതിയേ

ഒരിടത്ത് ഒരു കാട്ടിൽ വികൃതിയായ ഒരു കുഞ്ഞനെലി താമസിച്ചിരുന്നു. ഒരു ദിവസം അവൻ കൂട്ടുകാരോട് പറഞ്ഞു."ചങ്ങാതിമാരേ ഈ ചെറിയ മാളത്തിൽ കഴിയാൻ ഞാനില്ല".മറ്റെവിടെങ്കിലും പോയി വലിയൊരു വീട്ടിൽ സുഖിച്ചു കഴിയാൻ പോവുകയാണു ഞാൻ. അതു കേട്ടപ്പോൾ മറ്റുള്ളവർ പറഞ്ഞു."അരുത് അത് അപകടമാണ്".പക്ഷേ അതൊന്നും വകവയ്ക്കാതെ കുഞ്ഞനെലി മാളം വിട്ടു. കുഞ്ഞനെലി പോകുന്ന വഴി ഒരു കരടിയെ കണ്ടു അവൻ കരടിയോട് തിരക്കി. "കരടിച്ചേട്ടാ.......... എനിക്ക് താമസിക്കാൻ പറ്റിയ വലിയ ഗുഹവല്ലതും ഇവിടെയുണ്ടോ.....?"അപ്പോൾ കരടിച്ചാർ പറഞ്ഞു ."ഉണ്ട്..... ഒരു കടുവ താമസിച്ചിരുന്ന വലിയൊരു ഗുഹ ഇവിടെയുണ്ട് .നിനക്ക് അവിടെ കഴിയാം . കുഞ്ഞനെലിക്ക് സന്തോഷമായി. അവൻ ആ ഗുഹയിൽ കയറി താമസിക്കാൻ തുടങ്ങി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഒരു കണ്ടൻ പൂച്ച നാട്ടിൽ നിന്നും കാട്ടിലെത്തി. വിശന്നു വലഞ്ഞ അവൻ കുഞ്ഞനെലി താമസിക്കുന്ന ഗുഹയുടെ അരികിലൂടെ വരുന്നത് കരടിച്ചാർ കണ്ടു. "യ്യോ..... പൂച്ച കുഞ്ഞനെലിയെ കണ്ടാൽ അപകടമാ..... അവനെ രക്ഷിക്കണം. കരടിച്ചാർ ഒരു കൂറ്റൻ കല്ലു കൊണ്ട് ഗുഹ അടച്ചു. അപ്പോഴേക്കും പൂച്ച അവിടെ എത്തിയിരുന്നു. എലിയുടെ മണം പിടിച്ച് അവൻ ഗുഹയുടെ മുന്നിലെത്തി . ഗുഹ മൂടിയ കല്ല് ഇളക്കി മാറ്റാൻ ശ്രമിച്ചെങ്കിലും അത് നടന്നില്ല. പൂച്ച നിരാശയോടെ മടങ്ങി. കരടിച്ചാർ ഓടിയെത്തി കല്ല് മാറ്റി ."എലിക്കുട്ടാ....... നിനക്ക് ചെറിയ  വീടാണ് സുരക്ഷിതം."കരടിച്ചാർ പറഞ്ഞു. അതു ശരിയാണെന്ന് എലിക്കുട്ടനും ബോധ്യമായി.



കാശ്മീര
Std 6

# ദുരന്തം വിതച്ചനാളുകൾ

ഓഗസ്റ്റ് 14 ന് കേരളത്തെ ആകെ ഭീതിയിലാക്കി. സ്വതന്ത്രമായി നടന്ന 14 ജില്ലകളെയും ഭീതിയിലാക്കി റെഡ്അലർട്ട് പ്രഖ്യാപിച്ചു.വാർത്താമാധ്യമങ്ങളിലും സോഷ്യൽമീഡിയകളിലും വാർത്ത പ്രചരിച്ചു.കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിലേക്ക് പോയവരെല്ലാം ദുഃഖിതരായി.എന്തു ചെയ്യണമെന്നറിയാതെ കേരളം കണ്ണീരിലാണ്ടു.
മനുഷ്യരെല്ലാം മനസ്സിനെ സ്വയം സമാധാനപ്പെടുത്തി.
ജീവിതം അവസാനിച്ചു.

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനം.ജലത്തിന് ഡാമുകളെയും,പുഴകളെയും,ചെറുചാലുകളെയും,നദികളെയും, എല്ലാം തകർത്ത് വീടുകളിലേക്ക് ഇടിച്ചു കയറാൻ കിട്ടിയ സ്വാതന്ത്ര്യം.ഓഗസ്റ്റ് 15 അർധരാത്രി 12 മണിയോടെ ജലം മനുഷ്യരെ ഭീതിയിലാക്കി വീടുകളിലേക്ക് ഇരച്ചു കയറാൻ തുടങ്ങി.വൈദ്യുതിയും മൊബൈൽ റെയ്ഞ്ചും ഇന്റർനെറ്റും എല്ലാം നഷ്ടമായി.ആളുകളെ വിളിക്കാനോ വിവരങ്ങൾ അറിയാനോഒരു സഹായവും ഇല്ല.



അഖിൽരാജ്
Std 9

# പ്രളയം

നമസ്കാരം,എന്റെ പേര് അതുൽ വിനോദ്.

പ്രളയം എന്നാൽ എന്ത് ?അത് ആർക്കൊക്കെ അറിയാം ?

പ്രളയം അതിജീവിച്ച കുറേയേറെ ആളുകൾ നമുക്ക് ചുറ്റുപാടുമുണ്ട്. നമ്മെ പ്രളയം കൊണ്ടുപോയപ്പോൾ പ്രളയത്തിന് തോന്നാമായിരുന്നു, എന്തിനാ ഇവരെ ഞാൻ കൊണ്ടുപോകുന്നത്.

കാരണം,നമ്മുടെ നാട്ടിൽ നടക്കുന്ന സമൂഹത്തിലെ അനീതികളെ നശിപ്പിക്കാനായി പ്രളയം എത്തിയത്.

നമ്മുടെ വീടുകളും മറ്റു വസ്തുക്കളും നമുക്ക് നഷ്ടപ്പെട്ടു. എന്നാൽ വിദ്യാലയങ്ങളിലും മറ്റു മൂന്നുനില കെട്ടിടങ്ങളിലുമാണ് നമ്മൾഅഭയംതേടിയത്.കാരണം നമ്മുടെ പ്രദേശത്തുള്ള മരങ്ങൾ വെട്ടിനശിപ്പിക്കുന്നതും മലകളും കുളങ്ങളും മണ്ണിട്ടു നികത്തുന്നതിനും കാരണമായി. ജനങ്ങൾ നേരിട്ട ഈ ദുരിതം നമ്മുക്ക് നാശം വരുത്തി. നമ്മെപ്പോലുള്ള മനുഷ്യർ ഒന്നിച്ച് ചേർന്നാൽ നമ്മുടെ കേരളത്തെ തിരിച്ചു കൊണ്ടുവരാൻ സാധിക്കും. കേരളം നമ്മുടേത്. നമ്മേപ്പോലുള്ള പുതിയ തലമുറകൾ വരുമ്പോൾ കേരളം വിജയിക്കട്ടെ.



അതുൽ വിനോദ്
**Std 6**

# നൻമയുടെ വിളകൾ

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ ദാമു എന്ന കർഷകനും അയാളുടെ ഭാര്യ ശാരദയും രണ്ട് മക്കളായ അച്ചുവും അമ്മുവും ജീവിച്ചിരുന്നു. അധ്വാനശീലമായിരുന്നു ആ കുടുംബത്തിന്റെ പാരമ്പര്യം. കൃ ഷിയിൽ നിന്നു കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് അവരുടെ ജീവിതം മണ്ണിനോടിണങ്ങിയും വിളകളെ സ്നേഹിച്ചും അവർ കൃഷികാര്യങ്ങളിലും അച്ഛനമ്മമാരെ സഹായിച്ചിരുന്നു. സന്തോഷത്തോടെ ജീവിച്ച അവരുടെ ജീവിതം മാറിമറിഞ്ഞത് വളരെ പെട്ടന്നാണ്.

ഒരു ദിവസം കൃഷിപ്പണിക്കിടെ ദേഹത്തിനു വേദനപ്പോലെഅനുഭവപ്പെട്ട ദാമു തൽക്ഷണം മരണത്തിനു ഇരയായി. ജീവിതം വഴിമുട്ടിയ സന്ദർഭത്തിൽ തങ്ങളുടെ അച്ഛൻ പഠിപ്പിച്ച കൃഷിപാഠങ്ങൾ അച്ചുവിന്റെ മനസ്സിലെത്തി. പിറ്റേദിവസം തന്നെ തന്റെ അമ്മ ശാരദയെയും അനിയത്തി അമ്മുവിനെയും കൂട്ടി അവർ കൃഷിയിടത്തിലേക്കിറങ്ങി. രാവിലെ വിദ്യാലയത്തിൽ പോകുന്നതിനു മുൻപേ അവർ പാടത്തും പറമ്പിലും പണിയെടുക്കുന്നത് പതിവായി  വൈകുന്നേരം തിരിച്ചെത്തിയാൽ അവരുടെ ലീലകൾ കൃഷിയിടത്തിലേക്കിറങ്ങി ജോലിചെയ്യുക എന്നതാണ്.അവർ ഈ ജോലി പതിവാക്കി സന്ധ്യമയങ്ങും വരെ ചെടികൾ നനച്ചും അവയെ പരിപാലിച്ചും അവർ സന്തോഷമായി കഴിച്ചുകൂട്ടി താമസിക്കാതെ കൃഷിയിൽ നിന്ന് വരുമാനം ലഭിച്ചുതുടങ്ങി.തങ്ങളുടെ അച്ഛൻ ജീവിച്ചിരുന്നു  എന്ന തോന്നൽ വളർന്നു വന്നു.




അമർനാഥ്

Std 2

## ഫെയ്സ് ബുക്ക്

*Monday* രാവിലെ *school* പോകാതെ *FB* കയറുന്ന മോനേ *logout*ചെയ്യൂ *facebookaccountlogin* ചെയ്യുമി *schoolil class* കൾക്കും *text papernum* പോകാൻകൂട്ടാക്കാതെ *chattingnum possingnum* സമയം കൊട്ടുത്തെന്നാൽ സ്വർഗ്ഗരാജവാതിലിൽ *teacher* നിന്നെ *blockcheyum*



**അന്നമ്മ ജോസഫ്**
**Std 9**

## കൊതുക് പാട്ട്

രാവും പകലും പാട്ടും പാടി
പാറി നടന്നു കളിക്കുന്നു
തക്കം പാർത്തിട്ടവിടെയുമിവിടെയു
മോടി നടന്നു രസിക്കുന്നു
ക്രുനിക്കുടിയിരിക്കുന്നോരേ
കുസൃതിക്കാരൻ കുത്തുന്നു
അങ്ങനെയങ്ങനെ അങ്ങിങ്ങായി
അവ അസുഖം പലതുപടർത്തുന്നു.

**വിഷ്ണുപ്രിയ**
**Std 4**

# തിങ്കൾക്കുടം

മങ്കമ്മയ്ക്കുണ്ടൊരു തങ്കക്കുടം
തങ്കമ്മ നൽകി തങ്കക്കുടം
സങ്കടം മാറ്റുന്ന തങ്കക്കുടം
ചെങ്കതിരിനൊത്ത തങ്കക്കുടം

vishnupriya
4A

# പാട്ടും പെരുമഴയും

മാക്രിച്ചേട്ടൻ പൊത്തിലിരുന്നു

പേക്രോം പേക്രോം പാടി

ചെറു ചീവീടുകൾ അതുകേട്ടപ്പോൾ

ചെറുതായി കൂടെ പാടി

ഞണ്ടൻ മാമൻ കാലുകൾ നീട്ടി

ഡിണ്ടക താളം കൊട്ടി

കരി മേഘങ്ങൾ കേട്ടു രസിച്ചു

പെരുമഴ പെയ്തു നാട്ടിൽ



അനീറ്റ സൂസൻ ടിബി
Std 4

# <u>മണ്ടൻഭൂതം</u>

ഒരിടത്തൊരു മനു എന്നൊരു കുട്ടി
ഉണ്ടായിരുന്നു.അവന് ഭൂതക്കഥ
ആയിരുന്നു കൂടുതൽ ഇഷ്ടം.ഒരു ദിവസം അവൻ ഒരു കാട്ടിൽ
ഒറ്റയ്ക്കായിരുന്നു.അവന് ദാഹിക്കാൻ
തുടങ്ങി.അവൻ മഴവരാൻ ആഗ്രഹിച്ചു.അപ്പോൾ അവനൊരു
കുപ്പി കണ്ടു.കുപ്പി തുറന്നപ്പോൾ അതിനകത്ത് നിറയെ പുക
ആയിരുന്നു.അവൻ കുപ്പി തുറന്നു.അവൻ ശ്രൂൂൂ..... എന്നൊരു
ശബ്ദം കേട്ടു.അവൻ പേടിച്ചു.പെട്ടന്ന്
ഒരു ഭൂതം പുറത്തുവന്നു.അവന് പേടിയായി.അപ്പോൾ അവനൊരു
ബുദ്ധി തോന്നി.അവൻ വലിയൊരു
കമ്പെടുത്തു.എന്നിട്ട് ഒരു വലിയ
പാറയിൽ അടിച്ചു.ടിക്...ടിക്...
എന്നെ തളയ്ക്കാൻ വന്ന മന്ത്രവാദിയുടെ കുതിരയുടെ ശബ്ദമാണ്.ഭൂതം വിചാരിച്ചു.ആ
ഭൂതം കുപ്പിയിലേക്ക് തിരിച്ചു മടങ്ങി.
അവൻ കുപ്പി അടച്ചു.
മണ്ടൻ ഭൂതം.

**വിഷ്ണുപ്രിയ**
**Std 4**

# ലഡ്ഡുകൊതി

ലഡ്ഡുകണ്ടെത്തിയ

കൊതിയനുറുമ്പുകൾ

ലഡ്ഡുവിൽകയറി കടിയായി

കൊതിയൻമ്മാരുടെ

കടിയേറ്റപ്പോൾ

ലഡ്ഡു ഓരോന്നായി

പൊടിയായി

പൊടിയതു പേറി കൊണ്ടവരുടനടി

വരിവരിയായി നടപ്പായി

ലഡ്ഡു സൂക്ഷിച്ചോരിടമപ്പോൾ

ഒരു പൊടിയില്ലാതെ വെടിപ്പായി

**അനീറ്റ സൂസൻ ടിബി**

**Std 4**

# ഞങ്ങളുടെ കൊച്ചു കലാകാരൻമാർ



















നിവേദി

പ്രപഞ്ച്. J
Std 9


















കലേഷ് . U
Std 10

ടെക്- മലപ്പുറം **SCERT** കേരളയുമായി സഹകരിച്ച നടപ്പാക്കുന്ന കാലിഡോസ്കോപ്പ് ഗവേഷണാത്മക ശാസ്ത്ര ശില്പശാല ഞങ്ങളുടെ സ്കൂളിൽ .....



# **ആനയും ഈച്ചയും**

അക്കരെ നിന്നു വിളിച്ചൂ

ആനക്കുട്ടൻ ഉറക്കെ

ഇക്കരെ നിന്നത് കേട്ടു

ഈച്ചക്കുട്ടൻ വന്നു ചൊല്ലി.

ഊഞ്ഞാലാടാൻ വാ......

ആനക്കുട്ടൻ വന്നൂ...

ഈച്ചയോടൊത്തു  കളിച്ചു രസിച്ചു.

**സനിയ**
**Std 8**



## ഉപന്യാസം

**വിഷയം: മാലിന്യ വിമുക്ത കേരളം**

മാലിന്യങ്ങൾ മുക്ത കേരളം ഇതാണ് ഇന്നത്തെ കേരളത്തിലെ ഒരോ വ്യക്തിയും എടുക്കേണ്ട ഒരു ജീവിത രിതിയാണ് . ഒരോ വ്യക്തികളും തന്റെതായ രീതിയിൽ ശ്രമിച്ചാൽ നടക്കാവുന്ന ഒരു കാര്യമാണ് ഇവ . ഇപ്പോൾ നാം ഒരോരുത്തരും ഒരു തുള്ളി കുടി വെള്ളത്തിനായി ബുദ്ധിമുട്ടുകയാണ് .ഇപ്പോൾ അനുദവിക്കുന്ന ഈ കഷ്ടതകൾ നമ്മൾ ചെയ്യതിന്റെ പരിണമഫലമാണ്. കുളങ്ങളിലെയും അരുവികളിലെയും പുഴകളിലെയും തടാകളിലെയും വെള്ളത്തിൽ നമ്മൾ മാലിന്യമാക്കുകയാണ്. നമ്മൾ വിട്ടിലെ മാലിന്യവും പാചകം ചെയ്യ്തതിന് വരുന്ന വെസ്റ്റ് ഇവ എല്ലാം കൊണ്ടു കളയുന്നത് റോഡിനരികിലും കുള്ളിർ തടകങ്ങിലുമാണ്.മാലിന്യം സംസ്കരിക്കാൻ നമ്മൾ ബയോഗ്യാസ്,കമ്പോസ്റ്റ്കുഴി,എന്നിവ നിർമിച്ച് മാലിന്യം സംസ്കരിക്കാൻ ശ്രമിക്കണം. കമ്പോസ്റ്റ്കുഴിയിൽ ഇവ കിടന്നു അഴുകി അത് കൃഷിക്ക് വളമായി ഉപയോഗിക്കാം.ഇത് ഒന്നും ചെയ്യാതെ മാലിന്യമക്കുയാണ് നമ്മുടെ നാട്.വിഷാംശമായ ഫാക്ടറികളിൽ നിന്നുള്ള പുക ഈ അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്നു. അതല്ലെങ്കിൽ ഈ ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ കായലുകളിലേക്കും പുഴകളിൽ അശുദ്ധമാകുന്ന വെള്ളം വിഷാംശമുള്ളതായിരിക്കും. ഈ ജലം ഉപയോഗിക്കുന്ന മനുഷ്യർ മരിക്കുകയും ചെയ്യുന്നു. അതിലൂടെ ജീവിക്കുന്ന മത്സ്യങ്ങളും ജലത്തിൽ ജീവിക്കുന്ന ചെറു പ്രാണികളും ഇവ ചത്തു പോകുന്നു .അങ്ങനെ ഓരോ പ്രവർത്തിയിലും നമ്മൾ മനുഷ്യർ ഈ ലോകത്തെ നശിപ്പിക്കുകയാണ്. അതു പാടില്ല നമ്മുടെ ഭാവിയിൽ ഈ നാട് മാലിന്യ മുക്തമായി തീരാൻ നാം ഓരോരുത്തരും ശ്രമിക്കാം അതു നമ്മുടെ ഉത്തരവാദിത്വമായി ഏറ്റെടുത്തു ചെയ്യുക തന്നെ വേണം.



**ആദർശ് കൃഷ്ണ**
**Std 9**

# പ്രസംഗം

മാന്യ സദസ്സിന് നമസ്കാരം !

മനുഷ്യരെല്ലാം നമ്മുക്ക് കിട്ടിയ പ്രകൃതിയെ നശിപ്പിക്കുകയാണ്.നാം ഒന്ന് മനസ്സ് വച്ചാൽ ഈ സുന്ദരമായ പ്രക0തിയെ അതിന്റെ തലയെടുപ്പൊടുക്കൂടി തിരിച്ചെടുക്കാൻ സാധിക്കും.നാം ഒരോരുത്തരും ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ നാം വീട്ടിൽ സംസ്കരിച്ചാൽ അത് വളരെ പ്രയോജന പ്രദമായിരിക്കും.ഇതെല്ലാം വക്കുകളാൽ പറഞ്ഞ പോര പ്രവർത്തിയിൽ കൂടെ ഇത് നാം ചെയ്യണം .അങ്ങനെയാണെങ്കിൽ ഒരു പാട് ദുരിതങ്ങൾ നമ്മുക്ക് ഒഴിവാക്കാം.പകർച്ചവ്യാധി,മരകമായ രോഗങ്ങൾ,കൊതുകുകളുടെ ഉപദ്രവം ഇവയെല്ലാം കാരണം ഒരുപാട് മനുഷ്യർ മരിക്കുന്നു.ദൈവത്തിന്റെ സ്വന്തം നാടായ ഈ കേരളത്തിൽ മാലിന്ന്യങ്ങളുടെ ഒരു കുമ്പരമാണ് .റോഡിനരികിൽ കൂടി നടക്കാൻ പറ്റാത്ത അവസ്ഥയാണ് ഇപ്പോൾ ഉള്ളത്.നാം ശ്രമിച്ചാൽ നടത്താവുന്ന ഒരു ചെറിയ കാര്യമാണ് മാലിന്യ മുക്തമായ നമ്മുടെ ഒരു കൊച്ചു കേരളം.പക്ഷെ അലസത പ്രകടിപ്പിക്കുന്നത് നമ്മുടെ ശൈലിയാണ് അതാണ് ഈ നാട് നശിക്കാൻ കാരണം എതു കാര്യവും സ്വന്തം വീട്ടിൽ നിന്ന് ചെയ്യാനാണ് നാം ശ്രമിക്കേണ്ടത് അതു കൊണ്ട് ഈ കാര്യവും നാം അങ്ങനെ ചെയ്യാൻ ശ്രമിക്കണം.അതിനു വെണ്ടി നാം ആദ്യം ചെയ്യേണ്ടത് വീട്ടിൽ ബയോഗ്യാസ് പ്ലാൻ നിർമിക്കാം.അത് വളരെ പ്രയോജന പ്രദമാണ്.മാത്രമല്ല വീട്ടിലെ മാലിന്യം നിക്ഷേപിച്ചാൽ പാചകവാതകമായി ഉപയോഗിക്കുകയും ചെയ്യാം.ഇതിനു മുമ്പ് ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ് പ്ലാസ്റ്റിക്ക് നിർമാർജനമാണ് . അതു പോലെ സംസ്കരണത്തിൽ ഏറ്റവും വീര്യമേറിയതും സംസ്കരിക്കാൻ കഴിയത്തതുമായ ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്.ഇതിലൂടെ നമുക്ക് കാൻസർ വരെ ഉണ്ടാകുവാൻ സാധ്യതയുണ്ട്.ഇത് നമ്മൾ കൂട്ടിയിട്ട് കത്തിക്കുന്നത് പ്രകൃതി വിരുദ്ധമാണ്.ഇതിന്റെ
പുക ശ്വസിക്കുമ്പോൾ കാൻസർ എന്ന മാരകമായ രോഗത്തിന് കാരണമാകും.അതിനായി നാം ആദ്യം ചെയ്യേണ്ടത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക, അല്ലെങ്കിൽ ഉപേക്ഷിക്കുക.പെട്ടന്ന് നിർത്താൻ കഴിയില്ലെങ്കിലും പതുക്കെ പതുക്കെ ഒഴിവാക്കാൻ കഴിയണം.അതുകൊണ്ട് നാം ശ്രമിച്ചാൽ
നടക്കുന്ന കാര്യമാണ് മാലിന്യമുക്ത കേരളം.
അഥവാ പ്ലാസ്റ്റിക്ക് നിരോധിത കേരളം.മാലിന്യം ഇല്ലാത്ത കേരളം,ഇത് ആവണം ഭാവിയിൽ എടുക്കേണ്ട തീരുമാനം.



നന്ദി നമസ്കാരം....

അജിത അജയൻ
Std 10

# <u>മഞ്ഞപ്പൂവും ഇലകളു</u>

ഒരിടത്ത് ഒരു പുഴക്കരയിൽ ഒരു മഞ്ഞ നിറമുള്ള പൂച്ചെടിയുണ്ടായിരുന്നു .ആ മഞ്ഞപ്പൂവ് ഇലകളോടൊക്കെ വഴക്ക് കൂടും.അങ്ങനെ ഒരു ദിവസം ഒരു വണ്ട് അതുവഴി വന്നു.അപ്പോൾ മഞ്ഞപ്പൂവ് കരുതി എന്റെ ഇതളുകൾ ഇവൻ നശിപ്പിക്കുമല്ലോ.പൂവ് കരച്ചിലായി.ഉടനെ പച്ച നിറമുള്ള ഇലകൾ പൂവിനെ പൊതിഞ്ഞു വണ്ട് പൂവ് കാണാതെ തിരിച്ചു പോയി. അതോടെ ഇലകൾ പൂവിനെ വെളിയിൽ കൊണ്ടു വന്നു.അപ്പോൾ മഞ്ഞപ്പൂവ് പച്ച ഇലകളോടു പറഞ്ഞ നിങ്ങൾ ഇല്ലായിരുന്നെങ്കിൽ വണ്ട് എന്റെ കഥ കഴിക്കും . പൂവ് ഇലകളോട് നന്ദി പറഞ്ഞു.പിന്നീട് ഇലകളോട് വഴക്ക് കൂടാൻ പോയിട്ടില്ല.

**പ്രാർത്ഥന ജയൻ**
**Std 7**



# കൃഷി കടങ്കഥകൾ

മുതുകത്തു മുള്ളൻ ചന്തയ്ക്ക പോയി

പാവയ്ക്ക

മണ്ണിൽ കീഴെ ഉണ്ണാച്ചിയുംമക്കളും

ചേമ്പ്

പച്ചകൊത്തി പാറകണ്ടു.പാറകൊത്തി വെള്ളികൊത്തി വെള്ളം കണ്ടു

തേങ്ങ

കായ്ക്കും ചെയ്യും പൂക്കും ചെയ്യും പക്ഷെ കായ്ക്ക് ഇരിക്കാൻ സ്ഥലമില്ല

നെൽച്ചെടി

നിലം കീറി പൊന്നെടുത്തു

മഞ്ഞൾ

പച്ചയ്ക്കെരിയും വെന്താൽ മധുരം

ഉള്ളി

കൈപ്പടം പോല ഇല വിരൽപോലെ കായം

വെണ്ട



**നിവേദിത ആർ**
**Std 2**

# നാടൻ പാട്ട്

പത്തായത്തിലിറങ്ങിയൊത്തിരി
നെല്ലെടുക്കെന്റെ മോളെ (2)
എനിക്കവയ്യമ്മോ ഹെന്റമ്മോ !
എനിക്കവയ്യമ്മോ എലിയെന്നെ കടിച്ചു
തിന്നുമമ്മോ (2)

പൂരക്കളത്തിലേ നെല്ലിലൊരിത്തിരി
ഇടിച്ചുതാമോളെ (2)
എനിക്കവയ്യമ്മോ ഹെന്റമ്മോ !
എനിക്കവയ്യമ്മോ
ചെറുക്കമ്മാരൊളിഞ്ഞു
നോക്കുമമ്മോ(2)

അടുക്കളയിലെ അരിയൊരിത്തിരി
വറക്കടിമോളെ (2)
എനിക്കവയ്യമ്മോ ഹെന്റമ്മോ !
എനിക്കവയ്യമ്മോ അടുപ്പെന്നെ
തുറിച്ചുനോക്കുമമ്മോ (2)

ഇല തൊടച്ചിട്ട് വെളമ്പി വച്ചടി
ഉണ്ണാൻ വാ മോളെ (2)
എന്തു രുചിയമ്മോ ഹെന്റമ്മോ
എന്തുരുചിയമ്മോ ഇത്തിരി
കൂടി വിളമ്പമ്മോ (2)

**അഭിരാമി എ.എം**
**Std 7**



# പച്ചത്തത്തേ

പച്ചത്തത്തേ,നിന്നുടെ ചുണ്ടിൽ

പൂശിയതാരീചെഞ്ചായം?

പറയാനൊട്ടും മടിവേണ്ടാ

വയറും നിറയ്ക്കാൻ നെല്ലുതരാം

കൊത്തിനുറുക്കാൻ പയറുതരാം

രാത്രിയുറങ്ങാൻ കൂടുതാം

പൂച്ച പിടിക്കാതെൻ വീട്ടിൽ

മച്ചിൽ കൂട്കൊളുത്തിയിടാം.



ആദിത്യ പുഷ്പരാജൻ
Std 8

# പഴഞ്ചൊല്ലുകൾ

1) അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
2) അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ
3) അടിതെറ്റിയാൽ ആനയും വീഴും
4) അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ
5) അത്താഴം മുടക്കാൻ നീർക്കോലി മതി
6) ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
7) ആളുകൂടിയാൽ ആന ചാവില്ല
8) ഇറക്കം ഉണ്ടെങ്കിൽ കയറ്റവും ഉണ്ട്
9) കേര നിന്നാൽ അക്കരപ്പച്ച
10) ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം
11) എലിയെ പേടിച്ച് ഇല്ലം ചുടരുത്
12) ഏട്ടിലെ പശു പുല്ല് തിന്നുകയില്ല
13) ഏച്ചു കെട്ടിയാൽ ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും
14) ഐകമത്യം മഹാബലം
15) ഒരുവെടിക്ക് രണ്ടു പക്ഷി
16) ഒരു കുഞ്ഞിന് ഒരു കുളി
17) കാടിയായാലും മൂടി കുടിക്കണം
18) കായ്ച്ച മരമേ കല്ലേറു കൊണ്ടു
19) കയ്യ് ചിട്ടിറക്കാനും വയ്യ മധുരിച്ചിട്ട് പാലും വയ്യ
20) കണ്ടാലറിയാത്തവൻ കൊണ്ടാലറിയും
21) കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
22) കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടി ഇല്ലാതായി
23) ഗതികെട്ടാൽ പുലി പുല്ലും ഇന്നും
24) ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
25) ചത്ത കുട്ടിയുടെ ജാതകം നോക്കുക
26) ചവിട്ടിയാൽ കടിക്കാത്ത പാമ്പുണ്ടോ
27) ചൊട്ടയിലെ ശീലം ചുടല വരെ
28) ഞാൻ പിടിച്ച മുയലിനു മൂന്നു കൊമ്പ്

അഹല്യ .എ



# <u>രസകരമായ ഉദ്ധരണികൾ</u>

അഞ്ജനമെന്നത് ഞാനറിയും,
മഞ്ഞളുപോലെ വെളുത്തിരിക്കും
ആശാൻ വീണാൽ അതുമൊരടവ്
അധികം കൂവുന്നകോഴി അല്പം മുട്ടയേ ഇടൂ
അനുസരണം വിജയത്തിന്റെ  മാതാവും സുരക്ഷിതത്വത്തിന്റെ
ഭാര്യയുമാണ്
ജീവിതകാലത്ത് ഒരു  മുൾച്ചെടി
പറിച്ച  കളഞ്ഞവനേയും
ഒരു  പൂച്ചെടി  നട്ടുപിടിപ്പിച്ചവനെയുമാണ് ലോകം  സ്മരിക്കുക
കുരുടരുടെ  നാട്ടിൽ  കോങ്കണ്ണൻ
രാജാവ്
കണ്ണുണ്ടായിട്ടും  കാണാതിരിക്കുന്നതാണ്  അന്ധയേക്കാൾ  മോശം
അരിശം അഗ്നിപോലെയാണ്
നാശം വരുത്തിയേ കെട്ടടങ്ങൂ

വിഡ്ഢികളുടെ  നിഘണ്ടുവിലെ
വാക്കാണ് അസാധ്യം
അർധസത്യം മുഴുത്ത നുണയാണ്



**അമൽ.എസ്**
**Std10**

# കടംകഥകൾ

അകത്തിരുന്നു പുറത്തേക്ക കാലുനീട്ടി

ഓവ്

അകത്തിരിപ്പോനെ പുറത്തു കാട്ടും കണ്ണാടി

മുഖം

അകത്തുനിന്നു നോക്കിക്കാണും
കണ്ടതൊക്കെ ഉള്ളിലാക്കും

ക്യാമറ

അകം എല്ലും തോലും പുറം പൊന്തും പൊന്തും

വൈക്കോൽപ്പുര

അച്ചെടിക്കൊമ്പത്തൊരുകുടം ചേര

ചെമ്പരത്തിപ്പൂവ്

അടി പാറ,നടു വടി,തല ളുപ്പ്

ചേന

അടി മദ്ദളം,ഇല ചുക്കിരി,കായ് കൊക്കിരി

പുളി

അടി മുള്ള്,നടു കാട്,തല പൂവ്

പൂവൻകോഴി

അടിക്കുകൊട്ടുത്താൽമുടിക്ക ഫലിക്കും

തെങ്ങ്

അട്ടക്കുല പൂക്കുമ്പം പന്തീരായിരം

**നക്ഷത്രം**

അട്ടപ്പിൽ തിണ്ണേലമ്മായുമ്മ

പൂച്ച

അതാ പോകുന്നു ഒന്നിങ്ങു പിടിച്ചോ

കാറ്റ്

അന്തണൻ വെന്തു,പൂണൂല് വെന്തില്ല

കാട്ടിലെ നടവഴി

**സെലിൻ സണ്ണി മാത്യു**

**Std 8**



## രണ്ട് ആഗ്രഹം

പണ്ട് അലി എന്നു പറയുന്ന ഒരു മീൻപിടുത്തക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം മഹാമടിയനായിരുന്നു. ഒരു ദിവസം മീൻ പിടിക്കാനായി കടൽത്തീരത്ത് പോയപ്പോൾ ഒരു കുടം കിടക്കുന്നത് കണ്ടു. അദ്ദേഹം ഓടിച്ചെന്ന് കുടം എടുത്ത്ഉടച്ചു നോക്കി. പക്ഷേ അതിൽ നിന്ന് ഒന്നും വന്നില്ല. പിന്നീട് അദ്ദേഹം അതു തുറന്നു നോക്കിയപ്പോൾ അതിൽ നിന്ന് ഒരു ഭൂതം ഇറങ്ങി വന്നു. അദ്ദേഹം പേടിച്ച് കുടം താഴെയിട്ടിട്ട് ചോദിച്ചു?. ഉടനെ ഭൂതം പറഞ്ഞു

ഞാൻ ഒരു മാന്ത്രികശാലിയായ ഭൂതമാണ്. ഉടൻ അലി ചോദിച്ചു നീ ഇനി എന്റെ അടിമയല്ലേ എന്ന് .പക്ഷേ ഭൂതത്തിന്റെ മറുപടി അങ്ങനെ അല്ലായിരുന്നു. ഭൂതം പറഞ്ഞു. ഇല്ല ഞാനൊരിക്കലും നിന്റെ അടിമയാവില്ലാ. എനിക്ക് രണ്ട് ആഗ്രഹം സാധിച്ചുതരുമോ എന്ന് അലി ചോദിച്ചു. ഭൂതം സമ്മതിച്ചു. എന്നാൽ രണ്ട് ആഗ്രഹം സാധിച്ച ഉടനെതന്നെ ഞാൻ കുടത്തിനുള്ളിൽ പോകും. അലി പറഞ്ഞു ശരി. എന്റെ ആദ്യത്തെ ആഗ്രഹം കൊട്ടാരംപ്പോലെയുള്ള ഒരു വീട് വേണം. ഭൂതം കൊട്ടാരംപ്പോലെയുള്ള വീട് കൊടുത്തു. കൊട്ടാരം വന്നപ്പോൾ അലി ആലോചിച്ചു. ഭൂതത്താൻ കൂടെയുണ്ടങ്കിൽ ഒരു ജോലിയും ചെയ്യണ്ട എന്ന് .അടുത്ത ആഗ്രഹം പറയുമ്പോൾ ഒരു സൂത്രം ചെയ്യാമെന്ന് ആലോചിച്ചു.രണ്ടാമത്തെ ആഗ്രഹം പറഞ്ഞു. ഭൂതം എന്നും കൊട്ടാരത്തിൽ കാവൽ നിൽക്കണം.ഉടൻ ഭൂതം കൊട്ടാരത്തിനുള്ളിൽ കയറി.അടുത്ത നിമിഷം കൊട്ടാരവും ഭൂതവും കുടത്തിനുള്ളിൽ കയറി. കാരണം രണ്ട് ആഗ്രഹം സാധിച്ചയുടൻ ഞാൻ കുടത്തിൽ തിരികെ പോകുമെന്നാണ്. അതുകൊണ്ട് ഞാൻ കൊട്ടാരത്തിന് കാവൽ നിൽക്കണമെങ്കിൽ കൊട്ടാരം എന്റെ കൂടെ വരിക തന്നെ വേണം

ഗുണപാഠം :ഒരു ഭാഗ്യം കൈയ്യിൽ വരുമ്പോൾ അത് അത്യാഗ്രഹം മൂലം അത് നഷ്ടപ്പെടും .



**അഞ്ജിത റ്റി.ആർ**

**Std 8**

# <u>പഴഞ്ചൊല്ല്</u>

.ആനമെലിഞ്ഞാൽ തൊഴുത്തിൽ ,കെട്ടുമോ

.ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

.ഉണ്ടചോറിൽ കല്ലിടരുത്

.ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ
 പഞ്ഞം

.അണ്ണാൻ കുഞ്ഞും തന്നാലായത്

.അടിതെറ്റിയാൽ ആന വീഴുമോ

.കുരയ്ക്കും പട്ടി കടിയ്ക്കില്ല

.കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിൽ

.കടലിൽ ചെന്നാലും നായ നക്കിയേ കുടിക്കൂ

.കുംഭത്തിൽ നട്ടാൽ കുടത്തോളം



**അക്ഷയ് കിരൺ എസ്**

Std 5

# എന്റെ ഭാഷ

എന്റെ ഭാഷ മലയാളം

മലയാളം എന്നൊരു ശ്രേഷ്ഠഭാഷാ

ഭൂലോകത്തിൽ വേറെയില്ല.

മലയാളികൾക്ക് കുടച്ചൂടുന്നോരു

മലയാളം.

അമൂല്യമായ ഭാഷയാണ് മലയാളം

വീണയിൽ നിന്നു മീട്ടുന്ന വളരെ

വർണാഭമായ ഗാനം മീട്ടും മലയാളം

കേരളത്തിൻ മനോഹരിയായി

നിൽക്കുന്നുണ്ടൊരു ശ്രേഷ്ഠഭാഷാ.

**അതുല്യ ബാബു**
**Std 9**



## ജീവിതം എന്ന യാത്ര

വികാര പുഷ്പം എൻ ജീവൻ
വെൺപൊൻ ചെടിയിൽ വിടരവെ
എൻ ജീവൻ മറ്റൊരാൾ കൈക-
ളാൽ പിഴവെ നീ ആസ്വദിപ്പൂ
എന്നെന്നും എൻ സൗന്ദര്യം.
എൻ കൈകൾ നിൻ കൈകളാൽ-
കോർത്ത് വയ്ക്കവെ ഒരു പനിനീർ
സുമോചനം പോൽ.
പനിനീർ പുഷ്പത്തിന് ഇതളുകൾ
പൊഴിയവെ എൻ ശ്വാസം നി-
ന്നിൽ നിന്നകലവെ.
ഇന്നൊരു ചെടി വൻവൃക്ഷമായി
വളരവെ നാളെ അതിലൊരു
പുഷ്പ്പമായി വിടരവെ ഞാൻ.



**ലക്ഷ്മി എം.ആർ**
**Std 10**

# നിന്നോട് ചൊല്ലുവാൻ

പ്രണയത്തിനായി ഒരു ജന്മം
പ്രണയിക്കാനായി ഒരു ജന്മം
പ്രണയം നിന്നോട് ചൊല്ലുവാൻ
ഞാൻ കാത്തിരുന്നു.
പ്രണയം നിന്നിൽ വിരിഞ്ഞീടുവാൻ
കാത്തിരുന്നു ഞാൻ.

പ്രണയം എന്ന ഹൃദയം
കൈമാറാൻ കൊതിച്ചീടുന്നു ഞാൻ
പ്രണയം വിരിയുവാനൊരു
വസന്തംകൂടി വന്നിരുന്നെങ്കിൽ
പ്രണയം കത്തിജ്വലിക്കുമീ തീ
യിൽ ഒരു പുഷ്പ്മായി
മാറിടുന്നു ഞാൻ.

ലക്ഷ്മി എം.ആർ
Std 10

# പൂള്ളിക്കുട

കുഞ്ഞിക്കാലുകൾ നാലും പൊക്കി

തുള്ളി നടന്നോളും!

കാലു കുഴിഞ്ഞാൽ മാവിൻ തണലിൽ

ചാഞ്ഞു കിടന്നോളും

ആടുകൾ പട്ടികൾ പൂച്ചകളെല്ലാം

കൂടെച്ചേർന്നോളൂ!

പെരുമഴ പെയ്യാതെന്നുടെ

പുള്ളിക്കുടയിൽ നിന്നോളൂ!

**അങ്കിത് എം.ആർ**
**Std 5**



# പ്രസംഗം

മാന്യസദസ്സിനു എന്റെ നമസ്കാരം.

ഞാൻ ഇന്നിവിടെ പ്രസംഗിക്കാൻ ആഗ്രഹിക്കുന്ന വിഷയം "കുടുംബബന്ധങ്ങൾ ഊഷ്മളമാക്കേണ്ടതിന്റെ പ്രാധാന്യം"എന്നതിനെക്കുറിച്ചാണ്.

ഇന്നത്തെ ഈ സമൂഹത്തിലെ കുടുംബസാഹചര്യങ്ങൾ വളരെയധികം തിരക്കു പിടിച്ചതാണ്.കുട്ടികളെ നോക്കാനും നന്നായി പരിപാലിക്കാനും അച്ഛനമ്മമാർക്കു സമയമില്ല.അങ്ങനെ പല ജീവിതങ്ങളും നശിച്ചു പോയിട്ടുണ്ട്. അങ്ങനെ അവർ അണുകുടുംബങ്ങളായി മാറിയിരിക്കുന്നു.എന്നാൽ ഇങ്ങനെയൊന്നുമല്ല ജീവിതമെന്ന് പണ്ട് ജനങ്ങൾ തെളിയിച്ചിരിക്കുന്നു.കാരണം അവർ ഒരു പിണക്കങ്ങളും ഇല്ലാതെ തന്നെ നല്ല ജീവിതാനുഭവങ്ങളിലൂടെ ജീവിച്ചു.ഇന്നത്തെ സമൂഹത്തിൽ ചിലരൊക്കെയാണ് കൂട്ടുകുടുംബങ്ങളായി ജീവിക്കുന്നത്.എന്നാൽ ഈ സമൂഹത്തിൽ കുട്ടികളെ ബോർഡിങ്ങിൽ കൊണ്ടുചേർക്കുകയും മുത്തശ്ശിയെയും മുത്തച്ഛനെയും അനാഥാലയങ്ങളിൽ ഏല്പിച്ചിട്ടു പോവുകയും ചെയ്യുന്നു.അപ്പോൾ അവരും ഓർക്കണം ഒരു ദിവസം ഞാനും ഇതുപോലെ അനാഥാലയങ്ങളിൽ കിടക്കുമെന്ന്.അതു കൊണ്ട് നല്ലൊരു കൂട്ടുകുടുംബമായി ജീവിക്കാൻ ആശംസകൾ നല്കികൊണ്ട് നിർത്തുന്നു.

നന്ദി



നമസ്കാരം

**അഞ്ജു അക്ഷയ് മഹൽ**

Std 10

## സൗഹൃദം

സൗഹൃദത്തുമ്പികൾ പാറിടും
എൻ വിദ്യാലയ മുറ്റത്ത്.
ജീവനും ജീവിതവും അർപ്പിച്ച്
സൗഹൃദം മധുരമുള്ള തേനായി മാറിടുന്നു .

അടുക്കുന്ന നിമിഷവും
അകലുന്ന നിമിഷവും
കണ്ണീർത്തുള്ളികൾ മാത്രമായി.
എന്നെന്നും മിന്നിടും നക്ഷത്ര -
ദീപം പോലെ എന്നെന്നും -
തിളങ്ങിടും സൗഹൃദവും.
ഓർക്കുമ്പോൾ സുഖമുള്ള
നോവായി എന്നെന്നും

എൻ ഇടനെഞ്ചിൽ
സൂക്ഷിപ്പൂ ഈ സൗഹൃദം .

**ലക്ഷ്മി എം ആർ**
Std 10









**Adarsh Krishna**
**Std 9**

**Arathy.B, Std 9**






















കലേഷ്
Std 10



# സുവർണ്ണ നിമിഷങ്ങൾ









സ്വാഗതം
അഭിനന്ദനങ്ങൾ



















വിഷാദമുക്ത ചെങ്ങന്നൂർ
ബോധവത്കരണ ക്ലാസ്സ്





## 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയം ബുധനൂർ സ്കൂളിനെ ബാധിച്ചപ്പോൾ























ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
ബുധനൂർ...
മാവേലിക്കര വിദ്യാഭ്യാസജില്ല, ചെങ്ങന്നൂർ ഉപജില്ല
(ജില്ലാപഞ്ചായത്ത് വക)














# हिंदी माह के नाम

| | | |
|---|---|---|
| 1 | चैत्र | मार्च - अप्रैल |
| 2 | वैशाख | अप्रैल - मई |
| 3 | ज्चेष्ठ | मई - जून |
| 4 | आषाढ़ | जून - जुलाई |
| 5 | श्रावण | जुलाई - अगस्त |
| 6 | भाद्र पद | अगस्त - सितंबर |
| 7 | आश्विन | सितंबर - अक्तूबर |
| 8 | कार्तिक | अक्तूबर - नवंबर |
| 9 | मार्गशीर्ष | नवंबर - दिसंबर |
| 10 | पौष | दिसंबर - जनवरी |
| 11 | माघ | जनवरी - फरवरी |
| 12 | फाल्गुन | फरवरी - मार्च |

അതുൽ വിനോദ്
Std 6



# रहने दो मेरे उसूलों को

एक समय मैं भी था
अपने माँ बाप के साथ
संसार सागर को पार करने
चला गया मैं भी
समस्त सुख - सुविधाऐं त्याग कर
बन गया नैष्ठिक ब्रह्मचारी
कानन को तपभूमि बनाकर
आश्वस्त रहा मैं
किंतु ये मानव !
लड़ते हैं दिन-ब-दिन मेरे नाम पर
कैसी थी मेरी पावन पुण्य भूमि !
सालों से
बहुत सालों से
करोड़ों को शांति दे कर मैं रहा
अब कैसे ?
शरणागत - आश्रितरक्षक जैसे नाम
कैसे निभाऊं मैं ?
रे मानव !
क्या हुआ ?
बाढ़ का पाठ कुछ नहीं सिखाया ?
अपनी माँ को - प्रकृति को
कष्ट देकर क्या पाया तू ने ?
गतिशील है , यह जीवन
स्वार्थता ,अहं जैसे भाव
छोड़ दो सारे .....
अपना लो तत्वमसि का सन्देश !!!



മധുസൂദനൻ പിള്ള കെ.ജി
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

# <u>കടപ്പാട്</u>

ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ സഹായിച്ച ബുധനൂർ ഗവ:ഹയർ സെക്കന്ററി സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും,
വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്ന് ഞങ്ങൾക്ക് മാർഗ്ഗദർശികളായ മധുസൂദനൻ പിള്ള സാറിനും രജനി ടീച്ചർക്കും അകൈതവമായ നന്ദി !



**ജൂഹി ജെയിംസ്**

**ചീഫ് എഡിറ്റർ**

**ജി.എച്ച് .എസ്.എസ് ബുധനൂർ**